ഉത്തരം

(എ) 58 പഞ്ചായത്തുകളിൽ.

(ബി) 23 പഞ്ചായത്തുകളിൽ.

(സി) ഒരു നിർദ്ദേശം നിലവിലുണ്ട്.

(ഡി) & (ഇ) കണ്ണൂർ ജില്ലയിലെ മുഴുക്കുന്ന് ഗ്രാമപ്പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

പെരുവന്താനം പി. എച്ച്. സി. യുടെ പുതിയ വാർഡ് ഉദ്ഘാടനം ചെയ്ത് ജീവനക്കാരെ നിയമിക്കാൻ നടപടി

57 [2429] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പെരുവന്താനം പി. എച്ച്. സി.യുടെ ഒരു പുതിയ വാർഡ് പണി പൂർത്തീകരിച്ചിട്ട് എത്ര കാലമായെന്ന് വെളിപ്പെടുത്തുമോ;

(ബി) എന്തുകൊണ്ടാണ് ഈ വാർഡ് ഉദ്ഘാടനം ചെയ്യാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) വളരെക്കാലമായി പണി പൂർത്തിയായിക്കിടക്കുന്ന ഈ കെട്ടിടം അടിയന്തിരമായി ഉദ്ഘാടനം ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) പെരുവന്താനം പി. എച്ച്. സി.യിൽ ഈ വാർഡിന്റെ പ്രവർത്തനത്തിന് ആവശ്യത്തിനുള്ള ജീവനക്കാരെ നിയമിച്ച് ഉത്തരവാകുമോ?

ഉത്തരം

(എ) ഒന്നര വർഷം.

(ബി) — (ഡി) പുതിയ വാർഡ് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അധിക തസ്തികകൾ (അസി. സർജൻ — 2, സ്റ്റാഫ് നേഴ്സ്—3, നേഴ്സിംഗ് അസിസ്റ്റന്റ്—1, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 — 1) സൃഷ്ടിക്കുന്നതിനും കിടക്കകളുടെ എണ്ണം 14 ആക്കി ഉയർത്തുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് നല്കേണ്ടതാണ്. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ഭൗതികസൗകര്യങ്ങൾ പഞ്ചായത്തിൽനിന്നും ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് വാർഡിന്റെ ഉദ്ഘാടനം നടത്താൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly